**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 552** **22-05-2017 ൽ മറുപടിക്ക്**

**മുനിസിപ്പൽ / കോർപ്പറേഷൻ പ്രദേശത്തെ ഭൂമി കയ്യേറ്റം**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.വി. അബ്ദുറഹിമാൻ<br>ശ്രീ. വി. കെ. സി. മമ്മത് കോയ<br>ശ്രീ.പി.കെ. ശശി<br>ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശത്ത് സാമൂഹിക സാംസ്കാരിക സ്ഥാപനങ്ങൾക്കും, വ്യക്തികൾക്കും, പൊതുമേഖലാ സ്ഥാപനങ്ങൾക്കും ഭൂമി പാട്ടത്തിനോ അല്ലെങ്കിൽ ഉപയോഗത്തിനോ ലൈസൻസ് നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള നിരക്ക് എത്രയെന്ന് അറിയിക്കാമോ; | (എ) വാണിജ്യാവശ്യത്തിന് 40 ച.മീ വരെയുള്ള ഭൂമിക്ക് കമ്പോളവിലയുടെ 2% നിരക്കിലും (ഏറ്റവും കുറഞ്ഞത് 5000/- രൂപ വാർഷിക തുക), 40 ച.മീ മുതൽ 400 ച.മീ വരെയുള്ള ഭൂമിക്ക് കമ്പോളവിലയുടെ 5% നിരക്കിലും മിനിമം ( ഏറ്റവും കുറഞ്ഞത് 15000/- രൂപ വരെ വാർഷിക തുക), 400 ച.മീ മുകളിൽ കമ്പോളവിലയുടെ 5% നിരക്കിലും, വാണിജ്യേതര ആവശ്യത്തിന് ഉപയോഗിക്കുന്ന ഭൂമിക്ക് കമ്പോളവിലയുടെ 2% നിരക്കിലും വാർഷിക പാട്ടം നിശ്ചയിച്ചിട്ടുള്ളതാണ്.<br>സാമൂഹിക-കാരുണ്യ പ്രവർത്തനങ്ങൾ നടത്തുന്ന സ്ഥാപനങ്ങൾക്ക് 400 ച.മീ വരെയുള്ള ഭൂമിക്ക് കമ്പോളവിലയുടെ 0.5% നിരക്കിലും, 400 ച.മീ. മുകളിലുള്ളതിന് 2% നിരക്കിലും സാംസ്കാരിക സ്ഥാപനങ്ങൾക്ക് നൽകുന്ന ഭൂമിയ്ക്ക് കമ്പോള വിലയുടെ 2.5% നിരക്കിലും വാർഷികപ്പാട്ടം നിശ്ചയിച്ചിട്ടുള്ളതാണ്.<br>സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പാട്ട ഭൂമിയുടെ കമ്പോളവിലയുടെ 2% നിരക്കിലും, മറ്റ് സംസ്ഥാന സർക്കാരിന്റെയും, കേന്ദ്ര സർക്കാരിന്റെയും കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്കും പാട്ട ഭൂമിയുടെ കമ്പോള വിലയുടെ 3% നിരക്കിലും വാർഷിക പാട്ടം നിശ്ചയിച്ചിട്ടുള്ളതാണ്. |
| (ബി) നഗരങ്ങളിൽ ഡ്രെയിനേജ് കവറിംഗ് ഇടുന്നതിനും റോഡ് സൈഡിൽ പടികൾ കെട്ടുന്നതിനും ഭൂമിയുടെ കമ്പോള വിലയുടെ ഒരു ശതമാനം പ്രതിവർഷം നൽകണമെന്ന വ്യവസ്ഥ പാലിച്ചുകൊണ്ടാണോ വ്യക്തികളും സ്ഥാപനങ്ങളും അങ്ങനെ ചെയ്തിരിക്കുന്ന തെന്ന കാര്യം പരിശോധിക്കാൻ എന്ത് സംവിധാനമാണ് ഉള്ളതെന്ന് വിശദമാക്കാമോ; | (ബി) റോഡ് പുറമ്പോക്കിൽപ്പെടുന്ന റോഡ് ഡ്രെയിനേജ് കവർ ഇടുന്നതും, റോഡ് സൈഡിൽ പടികൾ കെട്ടുന്നതും സംബന്ധിച്ച കാര്യങ്ങൾ പൊതുമരാമത്ത് വകുപ്പ് തദ്ദേശ സ്വയം ഭരണ വകുപ്പ്, നാഷണൽ ഹൈവേ എന്നീ വിഭാഗങ്ങളുടെ അധികാര പരിധിയിൽ വരുന്നതാണ്. കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ തലത്തിൽ പരിശോധിച്ചാണ് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നത്. |

| | |
|---|---|
| (സി) ഇത്തരത്തിലുള്ള വ്യാപകമായ കയ്യേറ്റങ്ങളും ഭൂമി ദുരുപയോഗവും തടയാൻ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ? | (സി) ഇത്തരത്തിലുള്ള കയ്യേറ്റങ്ങളും ഭൂമി ദുരുപയോഗവും തടയുന്നതിന് ഭൂമിയുടെ സംരക്ഷണ ചുമതലയുള്ള അതാത് വകുപ്പുകൾ, കേരള ഭൂസംരക്ഷണ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ